"(8എ) ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരം സബ് കമ്മിറ്റികൾ പ്രത്യേകിച്ച് പട്ടിക ജാതി-പട്ടിക വർഗ്ഗ വികസനവും സ്ത്രീകളുടേയും കുട്ടികളുടേയും വികസനവും സംബന്ധിച്ച കാര്യങ്ങൾക്കായി എന്നതിനുശേഷം ജില്ലാ ആസൂത്രണ കമ്മിറ്റിയിൽ നിന്നും ഉപസമിതികൾ രൂപീകരിക്കാവുന്നതാണ്."

ഞാൻ ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്, ജില്ലാ ആസൂത്രണ സമിതിക്ക് ചില പ്രത്യേക വിഭാഗത്തെ പറയുന്നുണ്ട്. പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗം, മറ്റു പിന്നോക്ക വിഭാഗം, സ്ത്രീകളുടേയും കുട്ടികളുടേയും വികസന കാര്യങ്ങൾ ഇവയെ സംബന്ധിച്ചൊക്കെ ആ സമിതിക്കുള്ളിൽ നിന്നുകൊണ്ട് സബ് കമ്മിറ്റികൾ രൂപീകരിക്കാമെന്നാണ്. യാതൊരു കാരണവശാലും പുറത്തുനിന്നും ആളുകൾ വരരുതെന്നുമാത്രമാണ് ഞാൻ ഈ കാര്യം കൊണ്ട് ഉദ്ദേശിച്ചത്. ഇതിനകത്തുനിന്നും സബ്കമ്മിറ്റികൾ രൂപീകരിക്കാം. അത് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ അനുവദിക്കാം. ഈ ഭേദഗതികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മറ്റു രണ്ട് ഭേദഗതികൾ ഞാൻ മൂവ് ചെയ്യുന്നില്ല.

## ക്രമപ്രശ്നം

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മന്ത്രിയുടെ ഒഫിഷ്യൽ അമെന്റ്മെന്റിൽ ഭേദഗതി കൊടുക്കാൻ അംഗങ്ങൾക്ക് അവകാശമുണ്ട്. അതിന് അങ്ങ് അനുവദിക്കുകയും ചെയ്തു. എനിക്കതിൽ തർക്കമില്ല. ശ്രീ. കെ.സി. ജോസഫ് ഇവിടെ ഭേദഗതി തന്നത് മന്ത്രിയുടെ ഒഫിഷ്യൽ അമെന്റ്മെന്റിനുള്ള ഭേദഗതിയല്ല. മന്ത്രിയുടെ ഒഫിഷ്യൽ അമെന്റ്മെന്റിനുള്ള ഭേദഗതി ശ്രീ.കെ.സി.ജോസഫ് തന്നിട്ടേയില്ല. ശ്രീ.കെ.സി.ജോസഫ് തന്നത് 738-ൽ 35-ാം ഖണ്ഡത്തിൽ രണ്ടാം ഉപഖണ്ഡം വിട്ടുകളയുക എന്നുള്ള, ബില്ലിന്റെ രണ്ടാം ഉപഖണ്ഡം വിട്ടുകളയണമെന്നുള്ള പുതിയൊരു ഭേദഗതിയാണ്. അത് ഓർഡറിലാണോ? അത് ഓർഡറിൽ അല്ലായെങ്കിൽ ബഹുമാനപ്പെട്ട മെമ്പറുടെ പരാമർശങ്ങൾ തന്നെ നീക്കം ചെയ്യേണ്ടതാണ്. മന്ത്രിയുടെ ഒഫിഷ്യൽ അമെന്റ്മെന്റിന്റെ ഭേദഗതിയേ അല്ല ഇവിടെ സർക്കുലേറ്റ് ചെയ്തത്.

## റൂളിംഗ്

<u>മി. സ്പീക്കർ</u> : നമ്മുടെ നിയമവകുപ്പുമന്ത്രിതന്നെ ഇടക്ക് അത് സൂചിപ്പിച്ചതാണ്. ഇന്റർവീൻ ചെയ്തില്ല. കാരണം അങ്ങേയ്ക്ക് സംസാരിക്കാനുള്ള അവകാശമാണ് ഞാൻ നൽകിയത്. അങ്ങയുടെ ഭേദഗതി ഓർഡറിലല്ല..... ബഹളം......

<u>ശ്രീ. കെ.സി. ജോസഫ്</u> : സർ, എനിക്കുപറയാനുള്ളതുകൂടി കേൾക്കണം. ഞാൻ എഴുതി തന്നത് വായിക്കാം. ലിസ്റ്റ് 4 പ്രകാരമുള്ള ഔദ്യോഗിക ഭേദഗതി നമ്പർ 738 പ്രകാരം എന്നാണ്. ഇത് മന്ത്രിയുടെ അമെന്റ്മെന്റാണ്. ഇവിടെ ടൈപ്പ് ചെയ്തതിലുണ്ടായ മിസ്റ്റേക്കാണ്. എന്റെ കുറ്റമല്ല. "ലിസ്റ്റ് നാല് പ്രകാരമുള്ള ഔദ്യോഗിക ഭേദഗതി നമ്പർ 738 പ്രകാരം 35-ാം വകുപ്പിനുള്ള ഭേദഗതിക്ക് താഴെ പറയുന്ന ഭേദഗതി ഞാൻ നിർദ്ദേശിക്കുന്നു. 35-ാം ഖണ്ഡത്തിൽ 2-ാം ഉപഖണ്ഡം വിട്ടുകളയേണ്ടതാണ്". അത് തയ്യാറാക്കിയത് അങ്ങയുടെ സെക്രട്ടേറിയറ്റിലാണ്. അതവരുടെ വീഴ്ചയാണ്, എന്റെ വീഴ്ചയല്ല.

LIBRARY ARCHIVES Kerala Legislative Assembly